(എ) നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കൗൺസിലിന്റെ മത്സ്യത്തൊഴിലാളികൾക്കായുള്ള സഹായ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്ത് സംവിധാനം വഴിയാണ്;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ചുള്ള സഹായം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത കടലോര പ്രാഥമിക സംഘങ്ങൾവഴി വിതരണം ചെയ്യുമെന്ന് എൻ.സി.ഡി.സി. നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ;

(സി) എൻ.സി.ഡി.സിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ച് എത്ര കോടി രൂപയുടെ സഹായം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സഹകരണസംഘങ്ങൾവഴി ഓരുജലചെമ്മീൻകൃഷി വ്യാപിപ്പിക്കുന്ന എൻ.സി.ഡി.സി. പദ്ധതിക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1985-86,1986-87 എന്നീ വർഷങ്ങളിൽ മത്സ്യഫെഡ്വഴി അന്ന് നിലവിലുണ്ടായിരുന്ന ക്ഷേമസംഘങ്ങൾ മുഖേനയാണ് എൻ.സി.ഡി.സി. സഹായ പദ്ധതി നടപ്പിലാക്കിയത്. 1987-88 മുതൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണസംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു.

(ബി) എൻ.സി.ഡി.സി.യുടെ മൂന്നാംഘട്ടപദ്ധതിയിൽ ആനുകൂല്യങ്ങൾ പ്രാഥമിക സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് മാത്രമേ നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(സി) എൻ.സി.ഡി.സി.യുടെ നിർദ്ദേശത്തിന് വിരുദ്ധമായി ഗവൺമെന്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) 78.08 കോടി രൂപയുടെ സഹായം ലഭ്യമാക്കി.

(ഇ) ഇപ്പോൾ ആലോചനയിലില്ല.

5 (3457) മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കുവേണ്ടിയുള്ള പ്രോജക്ട് ബാഗ്ലൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എൻജിനീയറിംഗ് ഫോർ ഫിഷറീസ് എന്ന സ്ഥാപനം പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ഈ സ്ഥാപനം ആവശ്യപ്പെട്ട എന്തെങ്കിലും വിവരം സംസ്ഥാന സർക്കാർ ഇനി ലഭ്യമാക്കാനുണ്ടോ?

ഉത്തരം

(എ) ഇല്ല

(ബി) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly